# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3358

14-07-2015-ൽ മറുപടിക്ക്

## കൊച്ചി കപ്പൽശാലയുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ. എസ്.ശർമ്മ
ശ്രീ. ബാബു.എം.പാലിശ്ശേരി
ശ്രീ. കെ.സുരേഷ് കുറുപ്പ്
ശ്രീ. എ.എം.ആരിഫ്

(എ) പ്രതിരോധ വകുപ്പിൽ നിന്നും കൊച്ചി കപ്പൽശാലയ്ക്ക് സംയുക്ത സംരംഭങ്ങൾ ലഭിക്കാനുള്ള സാദ്ധ്യത ഒരുക്കുന്നതിൽ വേണ്ടത്ര ജാഗ്രത കാണിക്കാത്തത് കപ്പൽശാലയുടെ പുരോഗതിക്ക് വിഘാതമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ ;

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും
വകുപ്പു മന്ത്രി)

(എ) കേന്ദ്ര സർക്കാരിന്റെ ഷിപ്പിംഗ് മന്ത്രാലയത്തിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ് കൊച്ചി കപ്പൽശാല. പ്രതിരോധ വാണിജ്യ മേഖലകളിൽ നിന്നുള്ള ഓർഡറുകൾ കൊച്ചി കപ്പൽശാലയ്ക്ക് ലഭിക്കുന്നതിന് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം ബദ്ധശ്രദ്ധമാണ്. നിലവിൽ ഇന്ത്യൻ നാവികസേനയ്ക്ക് വേണ്ടി ഏറ്റവും വലിയ തദ്ദേശ നിർമ്മിത വിമാനവാഹിനി കപ്പലിന്റെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുകയാണ് കൊച്ചി കപ്പൽശാല ഇതിന്റെ ആദ്യഘട്ടം പൂർത്തിയാകുകയും രണ്ടാം ഘട്ടത്തിന്റെ പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.. ഇന്ത്യൻ തീരസംരക്ഷണ സേനയ്ക്ക് വേണ്ടി 20 അതിവേഗ നിരീക്ഷണ കപ്പലുകൾ നിർമ്മിക്കുവാനുള്ള ഓർഡറും കൊച്ചി കപ്പൽശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. ഇവയിൽ 13 കപ്പലുകൾ നിർമ്മിച്ച് സേനയ്ക്ക് കൈമാറിയിട്ടുമുണ്ട്.

(ബി) സ്വകാര്യമേഖലയെ സഹായിക്കാൻ പൊതുമേഖലയിലെ കപ്പൽ നിർമ്മാണ ശാലയ്ക്ക് ലഭിക്കേണ്ട ഓർഡറുകൾ ഇല്ലാതാക്കുന്നതിന് ഉന്നത ഉദ്യോഗസ്ഥർ കൂട്ടുനിൽക്കുന്നതായ വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഇത്തരം വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പൊതുമേഖലാ സ്ഥാപനങ്ങൾ നിലനിർത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും വേണ്ടത്ര ശ്രദ്ധ കാണിക്കാത്തത് സർക്കാരിന്റെ പൊതുമേഖലയോടുള്ള താല്പര്യക്കുറവും സ്വകാര്യ സംരംഭകർക്ക് ഒത്താശ ചെയ്യുന്ന സമീപനവുമാണ് വ്യക്തമാക്കുന്നതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ?

(സി) കൊച്ചി കപ്പൽശാല ഒരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ്. ഇന്ത്യയിലെ മികച്ച കപ്പൽ നിർമ്മാണ ശാലകളിൽ ഒന്നായി കൊച്ചി കപ്പൽശാലയെ കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം വിലയിരുത്തിയിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിലോ, ഭരണപരമായ കാര്യങ്ങളിലോ സംസ്ഥാന സർക്കാരിന് യാതൊരു നിയന്ത്രണവുമില്ല. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുവാനും നിലനിർത്തുവാനും സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിന് വേണ്ടി സാധ്യമായ എല്ലാ നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ച് വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ